**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 800** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മല്ലപ്പള്ളി – ആനിക്കാട് – കോട്ടാങ്ങൽ ശുദ്ധജല വിതരണ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വർഗ്ഗീസ് മാമ്മൻ

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** തിരുവല്ല നിയോജക മണ്ഡലത്തിലെ മല്ലപ്പള്ളി – ആനിക്കാട് – കോട്ടാങ്ങൽ ശുദ്ധജല വിതരണ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് തടസ്സമായി നിലനിൽക്കുന്ന വിഷയങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മല്ലപ്പള്ളി ആനിക്കാട് കോട്ടാങ്ങൽ കുടിവെള്ള പദ്ധതി രണ്ട് ഘട്ടങ്ങളായായാണ് വിഭാവനം ചെയ്തിട്ടുള്ളത്.

**<u>ഒന്നാം ഘട്ടം - നബാർഡ്</u>**

ഒന്നാം ഘട്ടം പ്രവർത്തികൾക്കായി നബാർഡ് ധനസഹായത്തോടെ 798 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കിണർ, 10 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണ ശാല എന്നിവയാണ് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്നത്. ഒന്നാം ഘട്ടത്തിലെ പ്രവൃത്തികൾ എല്ലാം തന്നെ 2018 ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്.

**<u>രണ്ടാംഘട്ടം- സ്റ്റേറ്റ് പ്ലാൻ</u>**

രണ്ടാം ഘട്ട പ്രവൃത്തികൾക്കായി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 2400 ലക്ഷം രൂപയുടെ ഭരണാനുമതി 2017 ൽ നൽകി.

രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു

1. റോ വാട്ടർ പമ്പിംഗ് മെയിൻ-400 mm DI K9 2000 മീറ്റർ:

2. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ

. 300 mm Di K9 പൈപ്പ് 4550 മീറ്റർ

. 250 mm DI K9 പൈപ്പ് 5100 മീറ്റർ

. 200 mm DI K9 പൈപ്പ് 15700 മീറ്റർ

. 150 mm DI K9 പൈപ്പ് 5700 മീറ്റർ

(ആകെ 33050 മീറ്റർ)

3. വിവിധ സ്ഥലങ്ങളിൽ 1LL മുതൽ 4LL. ശേഷിയുള്ള 8 പുതിയ OH ടാങ്കുകളും 4 പഴയ ടാങ്കുകളുടെ നവീകരണം

4. ഹനുമാൻകുന്ന്, ശാസ്താംകോയിക്കൽ എന്നീ സ്ഥലങ്ങളിൽ പമ്പ് ഹൗസ്, sump എന്നിവയുടെ നിർമാണവും അനുബന്ധ പ്രവർത്തികളും

5. ശുദ്ധീകരണ ശാലയിലും പമ്പ് ഹൗസുകളിലും പമ്പ്സെറ്റ്, ട്രാൻസ്ഫോർമർ, ട്രാൻസ്ഫോർമർ റൂം എന്നിവ നിർമ്മിക്കുന്ന പ്രവർത്തി

മേൽ പരാമർശിച്ച 1 മുതൽ 4 വരെയുള്ള പ്രവർത്തികൾ ശ്രീ. അബ്യ മാത്യൂ എന്ന കരാറുകാരന് 15,90,00,000/- രൂപക്ക് കരാർ നൽകിയിരുന്നു. കരാറുകാരൻ ജല സംഭരണികളുടെ നിർമാണ പ്രവർത്തനങ്ങളും, കാലപ്പഴക്കം ചെന്ന ജലസംഭരണികളുടെ അറ്റകുറ്റ പണികളും, കരാറിൽ ഉൾപെടുത്തിയിരുന്ന മറ്റ് സിവിൽ വർക്കുകളും പൂർത്തിയാക്കിയെങ്കിലും പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവ്യത്തികൾ പൂർത്തീകരിച്ചിരുന്നില്ല. 400 mm DI K9 റോ വാട്ടർ പമ്പിംഗ് മെയിൻ 1737 മീറ്റർ, 300 mm DI K9 ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ 1470.50 മീറ്റർ, 250 mm DI K9 ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ 1145.45 മീറ്റർ, 200 mm DI K9 ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ 96 മീറ്റർ. 150 mm DI K9 ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ 132 മീറ്റർ അങ്ങനെ 4580.95 മീറ്റർ പൈപ്പ് ലൈൻ മാത്രമാണ് ടിയാൻ സ്ഥാപിച്ചത്. പ്രവ്യത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരനെ പ്രവ്യത്തിയിൽ നിന്നും ഒഴിവാക്കി.

മേൽ പ്രവ്യത്തിയിൽ കരാറുകാരൻ ഭാഗികമായി പൂർത്തീകരിച്ച പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവ്യത്തിയുടെ അവശേഷിച്ചിരുന്ന 30.4 മീറ്റർ 400 mm DI K9 റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവ്യത്തിയും, ജല ശുദ്ധീകരണ ശാലയിൽ നിന്നും കാരയ്ക്കാമലയിലേക്കുള്ള 2989 മീറ്റർ 200 mm DI K9 ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവ്യത്തിയും ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ടെൻഡർ ചെയ്തു. ഈ പ്രവ്യത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

ജല ശുദ്ധീകരണ ശാലയിൽ നിന്നും ശാസ്താംകോയിക്കൽ sump ലേക്കുള്ള അവശേഷിച്ചിരുന്ന 2958 മീറ്റർ 300 mm DI K9 ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവ്യത്തി ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 03.10.2024 ൽ ടെൻഡർ ചെയ്തു. അധിക തുകയ്ക്ക് ടെൻഡർ quote ചെയ്തതിനാൽ പ്രത്യേക അനുമതി ആവശ്യമാണ് .മിഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഇതുവരെ സ്യഷ്ടിച്ച ആസ്തികൾ വേഗത്തിൽ പ്രയോജനപ്പെടുത്തുന്നതിനുമായി JJM 2.0 മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രവർത്തികൾക്കായിരിക്കും അനുമതി ലഭിക്കുക.

STATEPLAN ൽ ഉൾപ്പെടുത്തിയിരുന്ന പ്രവ്യത്തികളിൽ അബ്യ മാത്യൂ എന്ന കരാറുകാരന്റെ ചെയ്യേണ്ടിയിരുന്ന അവശേഷിക്കുന്ന പ്രവ്യത്തികൾ ടിയാന്റെ റിസ്ക് ആൻഡ് കോസ്റ്റിൽ STATE PLAN ൽ ഉൾപ്പെടുത്തി ടെൻഡർ ചെയ്തിട്ടുണ്ട്. പ്രസ്തുത ടെണ്ടറിൻ മേലുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

രണ്ടാം ഘട്ടത്തിൽ പരാമർശിച്ച അഞ്ചാമത്തെ പ്രവർത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജലശുദ്ധീകരണ ശാലയിലും പമ്പ് ഹൗസുകളിലും പമ്പ്സെറ്റ്, ട്രാൻസ്ഫോർമർ, ട്രാൻസ്ഫോർമർ റൂം എന്നിവ നിർമ്മിക്കുന്ന പ്രവർത്തി M/s. Premier Powerline എന്ന കരാറുകാർക്ക് 1,91,85,450/- രൂപയ്ക്ക് കരാർ നല്കിയിട്ടുള്ളതാണ്.

ടി പ്രവർത്തിയിൽ പമ്പ് സെറ്റ്, സ്റ്റാർട്ടർ, പാനൽ ബോർഡ്, ട്രാൻസ്ഫോർമർ എന്നിവ സപ്ലൈ ചെയ്തെങ്കിലും ഇവ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

**<u>സ്റ്റേറ്റ് പ്ലാൻ 2025-2026</u>**

നിലവിലെ ജല ശുദ്ധീകരണ ശാലയിലെ വിവിധ ഘടകങ്ങളുടെ അറ്റകുറ്റ പണികൾക്കായി സ്റ്റേറ്റ് പ്ലാൻ 2025-2026 ൽ ഉൾപ്പെടുത്തി 30.55 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഈ പ്രവൃത്തി ടെൻഡർ ചെയ്തെങ്കിലും ആരും ടെൻഡറിൽ പങ്കെടുത്തില്ല. റീ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**<u>മൂന്നാംഘട്ടം-JJM</u>**

JJM - ൽ ഉൾപ്പടുത്തി വിതരണ ശൃംഖലയ്ക്കായി 129.93 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രവർത്തികൾ പുരോഗമിക്കുന്നു.

മല്ലപ്പള്ളി ,ആനിക്കാട്, കോട്ടാങ്ങൽ എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ളപദ്ധതിയുടെ ഇൻടേക്കിനോട് ചേർന്ന് ജലലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി തടയണ നിർമിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പഠനം നടത്തേണ്ടതുണ്ട്

**(ബി)** പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, ഓവർഹെഡ് ടാങ്ക്, പൈപ്പ് ലൈൻ എന്നിവയുടെ പ്രവൃത്തി പൂർത്തീകരണ ശതമാനം എത്രയാണ്; ഇതുവരെ ചെലവഴിച്ച തുകയും ബാക്കിയുള്ള പ്രവൃത്തികൾക്കായി ആവശ്യമായ തുകയും എത്രയാണ്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ജലശുദ്ധീകരണശാല, ഓവർഹെഡ്ടാങ്കുകൾ എന്നിവയുടെ 100% പ്രവൃത്തികളും പൂർത്തീകരിച്ചു. പമ്പിംഗ് /ട്രാൻസ്മിഷൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെ 23% ഉം ജലവിതരണ ശൃംഖലാ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന 75% പ്രവൃത്തികളും പൂർത്തിയായി.

ഒന്നാംഘട്ട പ്രവൃത്തികൾക്കായി 596.31 ലക്ഷം രൂപയും രണ്ടാംഘട്ട പ്രവൃത്തികൾക്കായി 364.41 ലക്ഷം രൂപയും മൂന്നാംഘട്ട പ്രവർത്തികൾക്കായി 5620.85 ലക്ഷം രൂപയും ചെലവഴിച്ചു.

**(സി)** മല്ലപ്പള്ളി – ആനിക്കാട് – കോട്ടാങ്ങൽ ശുദ്ധജല വിതരണ പദ്ധതി കമ്മീഷൻ ചെയ്ത് ജനങ്ങൾക്ക് കുടിവെള്ള വിതരണം ആരംഭിക്കുന്നതിനായി സർക്കാർ സമയബന്ധിതമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. ഈ പദ്ധതിയുടെ ഭാഗമായി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയിരുന്ന പ്രവർത്തികളിൽ അബു മാത്യു എന്ന കരാറുകാരൻ ചെയ്യേണ്ടിയിരുന്നതിൽ അവശേഷിക്കുന്ന പണികൾ ടിയാന്റെ റിസ്ക് ആൻഡ് കോസ്റ്റിൽ ടെണ്ടർ ചെയ്തു സമയബന്ധിതമായി തുടർനടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയിരുന്ന പമ്പ് & ട്രാൻസ്ഫോർമർ അനുബന്ധ വർക്കുകളുടെ പണികൾ എത്രയും വേഗം പൂർത്തിയാക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2025-26 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയിരുന്ന ജലശുദ്ധീകരണശാല, അറ്റകുറ്റപ്പണി, അനുബന്ധ വർക്കുകളുടെ റീടെണ്ടർ നടപടികളും പുരോഗമിക്കുന്നു. JJM ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ജല ശുദ്ധീകരണശാലയിൽ നിന്നും ശാസ്താ കോയിക്കൽ സമ്പിലേയ്ക്കുള്ള 2958 മീറ്റർ 300mm DI K9 പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പണിയുടെ ടെൻഡർ അധിക തുകയ്ക്ക് quote ചെയ്തതിനാൽ പ്രത്യേക അനുമതി ആവശ്യമാണ്. JJM ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവർത്തികൾ 75 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്.

**(ഡി)** മല്ലപ്പള്ളി, ആനിക്കാട്, കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങൾക്ക് ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനായി പ്രസ്തുത പദ്ധതി അടിയന്തരമായി പ്രവർത്തനസജ്ജമാക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാണോ; സമയപരിധി വ്യക്തമാക്കാമോ?

**മറുപടി:** ജല ജീവൻ മിഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഇതുവരെ സൃഷ്ടിച്ച ആസ്തികൾ വേഗത്തിൽ പ്രയോജനപ്പെടുത്തുന്നതിനുമായി, ശേഷിക്കുന്നതും പുരോഗമിക്കുന്നതും ഇതുവരെ ആരംഭിക്കാത്തതുമായ പ്രവൃത്തികൾ താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ ക്രമീകരിച്ച് മുന്നോട്ട് പോകുവാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

* നിലവിൽ പൂർത്തിയാക്കിയ പ്രവർത്തികളിൽ നിന്ന് പരമാവധി കണക്ഷൻ

* പ്രധാന ഉൽപ്പാദന ഘടകങ്ങൾ പൂർത്തിയാക്കി എല്ലാ HTC-കളും പ്രവർത്തന ക്ഷമമാക്കുക.

* പരമാവധി FHTC നൽകാനും പരമാവധി വരുമാനം സൃഷ്ടിക്കാനും കഴിയുന്ന പ്രവൃത്തികൾക്ക് മുൻഗണന നൽകുക.

* ഫീൽഡിലെ അവസ്ഥയും, ഫണ്ടിന്റെ ലഭ്യതയും അനുസരിച്ച് മുൻഗണനാ നിലകൾ പരിഷ്കരിക്കൽ.

നിലവിൽ JJM 2.0 പ്രകാരം മിഷൻ കാലാവധി 2028 ഡിസംബർ വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**